**സാമ്പത്തികസ്ഥിതിവിവരകണക്ക്വകുപ്പ് ജില്ലാ ഓഫീസ്, എറണാകുളം**

**സിവിൽസ്റ്റേഷൻ, കാക്കനാട് ഫോൺ 0484-2422533**

**Email:ecostatekm@gmail.com, ddekm.des@kerala.gov.in**

---

<u>അനുബന്ധംഎച്ച് -4</u>

## <u>നോട്ടീസ്</u>

ശ്രീമതി. സുബൈദ.കെ.എസ്, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്2,(പൂർവ്വ നാമം എൽ.ഡി.ഇൻവെസ്റ്റിഗേറ്റർ) താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, കോതമംഗലം എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 1960 ലെ കേരളാസിവിൽസർവ്വീസ് (തരംതിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളും കെ.എസ്.ആർ പാർട്ട് 1 റൂൾ 88 പ്രകാരവും അപ്പൻഡിക്സ് XII C പ്രകാരവും താങ്കൾക്കെതിരായി അച്ചടക്ക നടപടി എടുക്കാതിരിക്കുന്നതിന് കാരണം കാണിക്കുന്ന താങ്കളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിർദ്ദേശിച്ച് കൊണ്ട് ഈ ഓഫീസിലെ 25.09.2017- ലെ ഇ (2) 1117/2013/ഡി.ഒ.ഇ.എസ് നമ്പർ കത്ത് പ്രകാരം കുറ്റാരോപണ മെമ്മോയും ആരോപണ പത്രികയും താങ്കളുടെ മേൽവിലാസത്തിൽ അയച്ചു തന്നിരുന്നു. എന്നാൽ മേൽവിലാസക്കാരി ഇന്ത്യ വിട്ടു പോയി എന്ന തപാൽ വകുപ്പിന്റെ റിമാർക്സ് സഹിതം തിരികെ ലഭിക്കുകയാണ് ഉണ്ടായത്. ആയതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റ് വിശദീകരണമോ ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കാനില്ല എന്ന് അനുമാനിക്കുന്നതും, അതിന് അനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. താങ്കൾക്കെതിരായുള്ള കുറ്റാരോപണ മെമ്മോയുടെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്ക് മുൻപ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ ഹാജരായി കൈപ്പറ്റാവുന്നതും അല്ലെങ്കിൽ ആയത് അയക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകികൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിൻമേലോ താങ്കൾക്ക് വാങ്ങാവുന്നതാണ്.

20/10/2017

ഡെപ്യൂട്ടിഡയറക്ടർ

<u>അച്ചടക്ക നടപടിസ്വീകരിക്കുന്ന അധികാരി</u>

ശ്രീമതി.സിൻസിമോൾആന്റണി.കെ.
ഡെപ്യൂട്ടിഡയറക്ടർ,
ഇക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ്, എറണാകുളം

<u>സ്വീകർത്താവ്</u>

ശ്രീമതി.കെ.എസ്. സുബൈദ,
C/0 ശ്രീ. മെയ്ദീൻ കുഞ്ഞ്,
കല്ലുംപുറത്ത്വീട്,
പരീക്കണ്ണി,
കോതമംഗലം- 686693